F1/34198/10

33

28438

# കേരള സർക്കാർ

## സംഗ്രഹം

വ്യവസായിക പരിശീലന വകുപ്പ് - സെക്രട്ടേറിയൽ പ്രാക്ടീസ് (എൻ.സി.വി.ടി) സർട്ടിഫിക്കറ്റ് കെ.ജി.ടി.ഇ ലോവർ (ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ആന്റ് ഇംഗ്ലീഷ് ഷോർട്ട്ഹാന്റ്) സർട്ടിഫിക്കറ്റിന് തത്തുല്യമായി പ്രഖ്യാപിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

ജി.ഒ.(എം.എസ്) നം.87/96/തൊഴിൽ. തിരുവനന്തപുരം. തീയതി: 13.11.96.

---

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 8.11.95-ലെ സി5-20223/95 നമ്പർ കത്ത്.

2. കേരള പി.എസ്.സി. സെക്രട്ടറിയുടെ 10.10.96 ലെ ഇ5(1) 17758/96/ജി.ഡബ്ല്യു. നമ്പർ കത്ത്.

## ഉത്തരവ്

കെ.ജി.ടി.ഇ. ലോവർ (ടൈപ്പ്റൈറ്റിംഗ് ആന്റ് ഷോർട്ട്ഹാന്റ്) സർട്ടിഫിക്കറ്റ് ഐ.ടി.ഐ.കൾ നൽകുന്ന സെക്രട്ടേറിയൽ പ്രാക്ടീസ് (എൻ.സി.വി.ടി) സർട്ടിഫിക്കറ്റിന് തത്തുല്യമായി പരിഗണിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്ന ആവശ്യത്തെ സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിരുന്നു. ഈ രണ്ടു കോഴ്സിന്റെയും സിലബസ്സുകൾ താരതമ്യം ചെയ്തതിൽ എൻ.സി.വി.ടി യുടെ സെക്രട്ടേറിയൽ പ്രാക്ടീസ് ഉയർന്ന തലത്തിലുള്ള ഒരു കോഴ്സാണെന്നും ആയതിനാൽ കെ.ജി.ടി.ഇ. ലോവർ (ടൈപ്പ്റൈറ്റിംഗ് ആന്റ് ഷോർട്ട്ഹാന്റ്) മിനിമം യോഗ്യതയായി അപേക്ഷ ക്ഷണിക്കുമ്പോൾ സെക്രട്ടേറിയൽ പ്രാക്ടീസ് (എൻ.സി.വി.ടി) സർട്ടിഫിക്കറ്റുള്ളവരേയും പരിഗണിക്കാവുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

2. സംസ്ഥാന സർക്കാർ സർവീസിലെ നിയമനങ്ങൾക്ക്, ഐ.ടി.ഐ.കൾ നൽകുന്ന ഒരു വർഷ സെക്രട്ടേറിയൽ പ്രാക്ടീസ് (എൻ.സി.വി.ടി) സർട്ടിഫിക്കറ്റ് കെ.ജി.ടി.ഇ. ലോവർ (ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ആന്റ് ഇംഗ്ലീഷ് ഷോർട്ട്ഹാന്റ്) സർട്ടിഫിക്കറ്റിന് തത്തുല്യമായി അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ ഉപദേശം ആരായുകയുണ്ടായി. പി.എസ്.സി. ഈ നിർദ്ദേശത്തോട് യോജിപ്പ് പ്രകടിപ്പിച്ചു.

3. ഈ സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ സർവീസിലെ നിയമനങ്ങൾക്ക് ഐ.ടി.ഐ.കൾ നൽകുന്ന ഒരു വർഷത്തെ സെക്രട്ടേറിയൽ പ്രാക്ടീസ്

(എം.സി.വി.ടി) സർട്ടിഫിക്കറ്റ് കെ.ജി.ടി.ഇ.ലോവർ (ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ആൻഡ് ഇംഗ്ലീഷ് ഷോർട്ട്ഹാൻഡ്) സർട്ടിഫിക്കറ്റിന് തത്തുല്യമായി പ്രഖ്യാപിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഒ.കെ.ശാന്ത
അഡീഷണൽ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പ് (29.1.96-ലെ 35012/ജെ1/95/ എച്ച്.ഇ.ഡി.എൻ.നംപർ അനൗ.കുറിപ്പു് കാണുക)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (27.3.96 ലെ 5737/റൂൾസ്2/ 96/പി ആൻഡ് എ.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ